പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5151** **28.10.2016**-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ കുറവ്

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ സർവ്വീസുകൾ കൃത്യമായി നടത്തുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണത്തിൽ സാരമായ കുറവ് നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ സർവ്വീസുകൾ കൃത്യമായി നടത്തുന്നതിന് ആവശ്യമായ ജീവനക്കാരുടെ എണ്ണത്തിൽ സാരമായ കുറവ് നിലനിൽക്കുന്നില്ല. |
| (ബി) | ഉണ്ടെങ്കിൽ, കണ്ടക്ടർമാരടക്കമുള്ള ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എണ്ണത്തിൽ സാരമായ കുറവില്ലെങ്കിലും കണ്ടക്ടർമാരുടേത് അടക്കമുള്ള ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് ലിസ്റ്റ് പി.എസ്.സി.യിൽ നിന്നും ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. |
| (സി) | ചാലക്കുടി ഡിപ്പോയിൽ കുറവുള്ള ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ